# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 321 — 30.01.2014-ൽ മറുപടിയ്ക്ക്

## ശബരിമലയിൽ തീർത്ഥാടകർക്ക നേരെ പോലീസ് അതിക്രമം

**ചോദ്യം**

പ്രൊഫ.സി.രവീന്ദ്രനാഥ്
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
ശ്രീ.കെ.കെ. ജയചന്ദ്രൻ

(എ) ശബരിമലയിൽ തീർത്ഥാടകർക്ക നേരെ പോലീസ് അതിക്രമം നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ പ്രതിഷേധിച്ച് തീർത്ഥാടകർ റോഡ് ഉപരോധിച്ചിട്ടുള്ളതായി അറിയാമോ;

(ബി) തീർത്ഥാടകരെ നിയന്ത്രിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളും അതിക്രമവും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; സർക്കാരിന് ലഭിച്ച പോലീസ് റിപ്പോർട്ട സംബന്ധിച്ച് വിശദമാക്കാമോ; തീർത്ഥാടകർക്ക് ഉണ്ടായ പോലീസ് മർദ്ദനത്തെപ്പറ്റി വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) ശബരിമലയിൽ മകരവിളക്ക് തീർത്ഥാടന സമയത്ത് അഭൂതപൂർവ്വമായ ഭക്തജനതിരക്കാണ് അനുഭവപ്പെട്ടിരുന്നത്. വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രം നിലവിലുള്ള സാഹചര്യത്തിൽ വർദ്ധിച്ച ഭക്തജന തിരക്ക് അപകടത്തിലേയ്ക്ക് നയിക്കാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നിയന്ത്രണങ്ങൾ പോലീസ് നടപ്പിലാക്കിയിട്ടുണ്ട്. നിലയ്ക്കലിൽ വാഹനങ്ങളുടെ പാർക്കിംഗിനും ഇത്തരം നിയന്ത്രണം ആവശ്യമായി വന്നു. തെറ്റായി വാഹനം പാർക്ക് ചെയ്തത് സംബന്ധിച്ച് തമിഴ്നാട്ടിൽ നിന്നും വന്ന ഒരു ഡ്രൈവറും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥനും തമ്മിൽ തർക്കം ഉണ്ടാവുകയും തുടർന്ന് ഏതാനും അയ്യപ്പഭക്തന്മാർ റോഡിൽ കുത്തിയിരിക്കുകയും ചെയ്തു. സ്ഥലത്തുണ്ടായിരുന്ന ഉയർന്ന ഉദ്യോഗസ്ഥർ സത്വരമായി ഇടപെട്ട് പ്രശ്നം പരിഹരിച്ച് വിട്ടിട്ടുള്ളതാണ്. തീർത്ഥാടകരെ നിയന്ത്രിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല.

| | | | |
|---|---|---|---|
| | | | ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള CCTV യിലെ ദൃശ്യങ്ങളും മാധ്യമങ്ങളിലൂടെ വന്ന ദൃശ്യങ്ങളും പരിശോധിച്ചതിൽ അസാധാരണമായ ഭക്തജന തിരക്ക് അപകടത്തിലേയ്ക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടിയല്ലാതെ ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടന്നതായി വിവരം ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ തിരക്കിനിടയിൽ അയ്യപ്പഭക്തരെ "ക്യൂ" വിലൂടെ അതിവേഗം മുന്നോട്ട് കടത്തിവിടുന്നതിന് ശ്രമിക്കുമ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ താൻ പാലിക്കേണ്ടിയിരുന്ന മിതത്വം പാലിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. ഉടൻ തന്നെ സ്ഥലത്തുണ്ടായിരുന്ന പോലീസ് കൺട്രോളർ ഇടപെട്ട് ആ ഉദ്യോഗസ്ഥനെ ഡ്യൂട്ടിയിൽ നിന്നും മാറ്റുകയും തിരിച്ചയക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | തിരക്ക് നിയന്ത്രിക്കുന്നതിൽ വീഴ്ച വരുത്തിയ തീർത്ഥാടകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കാമോ; | (സി) | തീർത്ഥാടകരെ പോലീസുദ്യോഗസ്ഥർ മർദ്ദിച്ചിട്ടില്ലാത്തതിനാൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഈ പ്രശ്നത്തിൽ കേരള ഹൈക്കോടതി സർക്കാരിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | കേരളാ ഹൈക്കോടതി സർക്കാരിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ